മരച്ചീനികർഷകസഹകരണസംഘങ്ങൾ.

*107. [55] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതിനകം എത്ര മരച്ചീനികർഷകസഹകരണസംഘങ്ങൾ രജിസ്റ്റർചെയ്തിട്ടുണ്ട്;

(ബി) ഉണ്ടെങ്കിൽ അവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ പലതും പ്രവർത്തനരഹിതമായി കിടക്കുകയാണെന്ന് ഗവണ്മെന്റിനു പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഗവണ്മെന്റ് അതിന്മേൽ എന്തു നടപടി എടുത്തു ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) 194 മരച്ചീനിസഹകരണസംഘങ്ങൾ പുതിയതായി രജിസ്റ്റർചെയ്തു. നിലവിലിരുന്നതിൽ മൂന്നു സംഘങ്ങൾ മരച്ചീനിസംഘങ്ങളായി പരിവർത്തനംചെയ്തതുൾപ്പടെ ഇപ്പോൾ 197 മരച്ചീനിസഹകരണസംഘങ്ങൾ ഉണ്ട്.

(ബി) അവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഈ ചോദ്യം ഉദിക്കുന്നില്ല.

കയർസഹകരണസംഘങ്ങൾ.

*108. [57] ശ്രീ. കെ. സി. എബ്രഹാം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കയർസഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതിനുള്ള എത്ര അപേക്ഷകൾ 1954-55-ൽ ഉണ്ടായിരുന്നു;

(ബി) അവയിൽ എത്ര അനുവദിച്ചു; എത്ര നിരസിച്ചു;

(സി) കൊച്ചി-കണയന്നൂർതാലൂക്കിൽപ്പെട്ട നെടുങ്ങാട്ടുനിന്നും ഒരു അപേക്ഷ ലഭിച്ചിരുന്നോ;

(ഡി) എന്തു നടപടി എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 55 പുതിയ അപേക്ഷകൾ ഉണ്ടായിരുന്നു.

(ബി) 48 എണ്ണം അനുവദിച്ചു; 7 എണ്ണം നിരസിച്ചു.

(സി) ലഭിച്ചിരുന്നു.

(ഡി) അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. പഞ്ചവത്സരപദ്ധതിയിൽ നിർദ്ദേശിച്ച 120 കയർസൊസൈറ്റികളും സ്ഥാപിച്ചതിന്റെശേഷമാണ് നെടുങ്ങാട്ടുനിന്നും അപേക്ഷ കിട്ടിയതു. ഇതിനിടെ 40 സൊസൈ

LIBRARY ARCHIVES Kerala Legislative Assembly